**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 636** **24-06-2026-ൽ മറുപടിയ്ക്ക്**

## <u>സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽ, പുതുക്കാട് പഞ്ചായത്ത് ചെങ്ങാലൂർ ദേശത്ത് ഇരിങ്ങാലക്കുടക്കാരൻ വീട്ടിൽ ശ്രീ. ഐ. എം. മോഹനന്റെ അപേക്ഷ പരിഗണിച്ച് ടിയാന് സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി വിഭാഗങ്ങളുടെ ഭവന പുനരുദ്ധാരണ /നവീകരണ പദ്ധതിയായ സേഫ് പദ്ധതിയുടെ മാനദണ്ഡപ്രകാരം 800 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള വീടുകളെ മാത്രമേ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ശ്രീ. ഐ. എം. മോഹനന്റെ വീട് 850 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള ഇരുനില വീടാണ് എന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ടിയാനെ സേഫ് പദ്ധതിയിലേക്ക് പരിഗണിക്കാൻ കഴിയില്ല.

**സെക്ഷൻ ഓഫീസർ**